**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1896** **08-02-2023 - ൽ മറുപടിയ്ക്ക്**

**തിരൂർ റെയിൽവെ സ്റ്റേഷനിൽ യാത്രക്കാർ നേരിടുന്ന പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ റെയിൽവേ സ്റ്റേഷനിൽ എത്തുന്ന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ റയിൽവെ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട റെയിൽവെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | തിരൂർ റെയിൽവേ സ്റ്റേഷനിൽ രണ്ട് ഫുട്ട് ഓവർ ബ്രിഡ്ജുകൾ, 137 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള വെയിറ്റിംഗ് ഹാൾ, 1500 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള സർക്കുലേറ്റിംഗ് ഏരിയ, ഉയർന്ന നിലവാരത്തിലുള്ള പ്ലാറ്റ്ഫോമുകൾ, 3892 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള പ്ലാറ്റ് ഫോം ഷെൽട്ടർ, ശീതീകരിച്ച റിസർവേഷൻ ലോഞ്ച്, പണം കൊടുത്ത് ഉപയോഗിക്കാൻ സാധിക്കുന്ന ശീതീകരിച്ച വിശ്രമ കേന്ദ്രം, ക്ലോക്ക് റൂം, ഓട്ടോമാറ്റിക് ടിക്കറ്റ് വെൻഡിംഗ് മെഷീൻ, വീൽ ചെയറുകൾ, ശീതീകരിച്ച കുടിവെള്ള സംവിധാനം, ശൗചാലയങ്ങൾ എന്നിവ യാത്രാക്കാരുടെ സൗകര്യത്തിനായി ലഭ്യമാക്കിയിട്ടുണ്ട്, കൂടാതെ ലിഫ്റ്റ് നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നുണ്ട്. യാത്രാക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ടു നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ